(ഡി) വേപ്പടിസ്ഥിത ജൈവകീടനാശിനികളായ അസാഡിറാക്ടിൻ അല്ലെങ്കിൽ വേപ്പെണ്ണ, വെളുത്തുള്ളി-സോപ്പ് മിശ്രിതവുമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. വിവിധ പദ്ധതികളിൽ കീടനാശിനികളും മറ്റും വിതരണം ചെയ്യുന്നത് പെർമിറ്റ് മുഖേനയാണ്. കൃഷിക്കാർക്ക് കൃഷിഭവനുകളിൽനിന്നും നൽകുന്ന പെർമിറ്റുമുഖേന സഹകരണ സംഘങ്ങൾ വഴിയാണ് ഉല്പാദനോപാധികൾ ലഭ്യമാക്കുന്നത്. കൃഷിവകുപ്പ് ഈ സാമഗ്രികൾ വാങ്ങി വിതരണം ചെയ്യുന്നില്ലെന്നതിനാൽ സ്റ്റോർപർച്ചേസ് നിയമം പാലിക്കുന്ന കാര്യം പ്രസക്തമല്ല.

## വിള ഇൻഷ്വറൻസ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

80 [3359] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ലെ വെള്ളപ്പൊക്കത്തെ തുടർന്ന് കൃഷിനാശം ഉണ്ടായ കുട്ടനാട്ടിൽ വിള ഇൻഷ്വറൻസ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയപ്പോൾ നെടുമുടി, കൈനകരി കൃഷിഭവനുകളുടെ കീഴിലുള്ള പാടശേഖരങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി) ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ കൃഷിനാശം പൂർണ്ണമായിരുന്നതിനാൽ വിളവെടുപ്പുകണക്ക് പുനർനിർണ്ണയിച്ചു നൽകാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ വിളവെടുപ്പിന്റെ കണക്ക് പുനർനിർണ്ണയിച്ചുനൽകുകയും പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുന്ന ചമ്പക്കുളം ബ്ലോക്കിനു പ്രത്യേകാനുമതി നൽകാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് കൃഷിനാശം സംഭവിച്ച കർഷകർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

81 [3360] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെരിയ കൃഷിഭവന്റെ കീഴിൽവരുന്ന പ്രദേശങ്ങളിൽ 2002 ഏപ്രിൽ മാസത്തിലുണ്ടായ ശക്തമായ ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly